ഒഴിവാക്കിയിട്ടുണ്ട്. പരിസരവാസികളിലൊരാൾ വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി വിട്ടു നൽകുന്നതിന് തയ്യാറായിട്ടുള്ളതും ആയതിന്മേലുള്ള നിയമപരമായ നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് പ്ലാൻ സ്കീമിലുൾപ്പെടുത്തി ശിവപുരം വില്ലേജോഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നകാര്യം പരിശോധിക്കുന്നതുമാണ്.

പുതിയ താലൂക്കുകളുടെ രൂപീകരണം

246 (995) ശ്രീ. ജി. എസ്. ജയലാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ താലൂക്കുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് താലൂക്ക് പുനഃസംഘടന സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ നിയോഗിച്ച ടീം ഇതിനകം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്തെല്ലാമെന്നും അറിയിക്കാമോ?

(എ&ബി) സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുന:സംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. ഇതു സംബന്ധിച്ച് എല്ലാ ജില്ലകളിൽനിന്നും ശേഖരിച്ച വിവരങ്ങൾ പ്രസ്തുത ടീം പരിശോധിച്ചുവരികയാണ്.

(സി) കൊല്ലം താലൂക്ക് വിഭജിച്ച് ചാത്തന്നൂർ ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കണമെന്ന ജനങ്ങളുടെ ആവശ്യം (ഫയൽ നമ്പർ എഫ്1/38/2016/റവ, ഇ-1267758) പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

പ്രസ്തുത വിഷയം ഉൾപ്പെടെ സംസ്ഥാനത്തെ പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട വിഷയം നിലവിൽ REV-F1/178/2017-REV നമ്പർ ഫയലിൽ പരിശോധിച്ചു വരികയാണ്.

സ്മാർട്ട് വില്ലേജ് ഓഫീസുകൾ

247 (996) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർഹരായ എല്ലാവർക്കും പട്ടയം സമയബന്ധിതമായി നൽകുവാൻ എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly